C12-1130/2017

**കൊച്ചി മെട്രോയുടെ മുന്നൊരുക്കമായി ചമ്പക്കര പാലത്തിന്റെ അപ്രൊച്ച് റോഡ് നിർമ്മാണത്തിന വേണ്ടിയുള്ള അധിക സ്ഥലമെടുപ്പ് നടപടിയുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട് റിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്**

കൊച്ചി മെട്രോ വൈറ്റില- പേട്ട സ്ഥലമെടുപ്പിന്റെ_ഭാഗമായി ചമ്പക്കര പാലത്തിന്റെ അപ്രൊച്ച് റോഡ് നിർമ്മാണത്തിന വേണ്ടിയുള്ള അധിക സ്ഥലമെടുപ്പിനായി കണയന്നൂർ താലൂക്ക് പൂണിത്തുറ വില്ലേജ് പരിധിയിൽ വരുന്ന വിവധ സർവ്വെ നമ്പറുകളിൽ പെട്ട 5.75 ആർ സ്ഥലം RTFCT LARR Act 2013 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 07.04.2016 തിയതി ലഭിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളക്ടറുടെ 30.04.2016 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ -3 വൈറ്റിലയെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്.

LARR Act 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളതും LARR Act ചട്ടം 2 (3) പ്രകാരമുള്ള 4 (1) നോട്ടിഫിക്കേഷൻ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ട് മാസത്തിനുള്ളിലും ആറ് മാസത്തിൽ കവിയാതെയും സാമൂഹ്യപ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനം നിർദ്ദേശിച്ചിരുന്നതുമാണ്. അപ്രകാരം സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 26.03.2018 തീയതി രാജഗിരി ഔട്ട് റിച്ച് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം വൈറ്റില പേട്ട റോഡ് വളരെ വലിയ തോതിൽ വാഹന പെരുപ്പം ഉള്ളതും കൊച്ചി നഗരത്തെ നഗരാനുബന്ധ സ്ഥലങ്ങളിലേക്ക് ബന്ധിപ്പിക്കുന്ന പ്രധാനപാതയുമാണ് കൊച്ചി മെട്രോയുടെ നിർദ്ദിഷ്ട പദ്ധതി ജനങ്ങളുടെ സുഗമവും വേഗതയേറിയതും സൗകര്യ പ്രദവുമായ യാത്ര സൗകര്യത്തിന് വഴി ഒരുക്കുന്നത് എല്ലാ ഗതാഗത മാർഗ്ഗങ്ങളെയും സംയോജിപ്പിച്ച കൊച്ചി നഗരത്തിന്റെ മുഖഛായ തന്നെ മാറ്റി എടുക്കുവാൻ ഉതകുന്നതുമാണ്. കൊച്ചി നഗരത്തിലേയും ചുറ്റുമുള്ള സ്ഥലങ്ങളിലേയും ഗതാഗത കുരുക്കിന് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതിന് RTFCT LARR Act 2013 7-). വകുപ്പ് 5-). ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും പ്രകാരം കൊച്ചി മെട്രോ പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്ന് കമ്മിറ്റി അംഗീകരിച്ചു.

RTFCT LARR Act 2013 7-). . വകുപ്പ് 5-). ഉപവകുപ്പ് (2 ) ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം പുനരധിവാസം, പുനസ്ഥാപനം എന്നിവ അർഹരായ കുടുംബങ്ങൾക്ക് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാവുന്നതാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രൊജക്ടിന്റെ ഭാഗമായി ഉണ്ടാകാവുന്ന സാമൂഹ്യ ചിലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ധ സമിതി അഭിപ്രായപ്പെട്ടു.

പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

ഇതു സംബന്ധിച്ച് 05.04.2018 തീയതി രാവിലെ 11 മണിക്ക് വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ വിദഗ്ധ സമിതി യോഗത്തിൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുതഠ പ്രൊജക്ട് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും ടി തീരുമാനം കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ പറഞ്ഞ വസ്തുകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാകളക്ടറുടെ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ധ സമിതി ചെയർമാൻ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)
കൊച്ചി മെട്രോ റയിൽ പ്രൊജക്ട്

സ്ഥലം.കാക്കനാട്
തീയതി. 07.04.2018

# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം.

(ഹാജർ: ശ്രീ. കെ മൊഹമ്മദ് . വൈ.സഫിറുള്ള ഐ.എ.എസ്)

സി 12-528/2016 തീയതി 10.04.2018.

വിഷയം - കൊച്ചി മെട്രോ റെയിൽ പ്രൊജക്ട്- പേട്ട - ചമ്പക്കര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള അധിക സ്ഥലമെടുപ്പ് - വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന - വിദഗ്ദ്ധ സമിതിയുടെ 05-04.2018 ലെ ശുപാർശ.

കൊച്ചി മെട്രോയുടെ ഭാഗമായി ചമ്പക്കര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള അധിക സ്ഥലമെടുപ്പിന് മുന്നോടിയായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം സംബന്ധിച്ച് ചുമതലപ്പെടുത്തിയിരുന്ന SIA യൂണിറ്റായ രാജഗിരി ഔട്ട് റിച്ച് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ജില്ലാതല വിദഗ്ദ്ധ സമിതി 05.04.2018 ന് ചേരുകയും വിദഗ്ദ്ധ സമിതി ഏകകണ്ഠമായി ടി പദ്ധതി കൊച്ചി നഗരത്തിലേയും ചുറ്റുമുള്ള സ്ഥലങ്ങളിലേയും ഗതാഗത കുരുക്കിനെ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതിനാൽ RTFCT LARR Act 23 7-). വകുപ്പ് 5-). ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും വിധം കൊച്ചി മെട്രോ പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും ആയതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സൂചന പ്രകാരം വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ, പ്രോജക്ടിന് ആവശ്യമായ വിസ്തീർണം മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**ജില്ലാ കളക്ടർ**

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടികളക്ടർ (എൽ.എ)

കൊച്ചി മെട്രോ റയിൽ പ്രൊജക്ട് , കാക്കനാട്.

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ).

എൻ.എച്ച് നമ്പർ-3.

വൈറ്റില.